# കേരള നിയമസഭ
# 20.03.2013-ലെ മറുപടിക്ക്

<u>ജില്ലാ ആശുപത്രികളിൽ തൊഴിൽ ബ്ലോക്ക്</u>

883 ശ്രീ. പാലോട് രവി
,, ഡൊമിനിക് പ്രസന്റേഷൻ
,, പി. എ. മാധവൻ
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജില്ലാ ആശുപത്രികളിൽ തൊഴിൽ ബ്ലോക്ക് സ്ഥാപിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) തൊഴിലാളികളുടെ ആരോഗ്യസംരക്ഷണം ഉറപ്പാക്കാൻ എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(ഡി) ഏതെല്ലാം വകുപ്പുമായി ചേർന്നാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്; വിശദമാക്കുമോ;

(ഇ) ഏതെല്ലാം രോഗങ്ങൾക്കാണ് പദ്ധതിയിൽക്കൂടി ചികിൽസ നല്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
# 20.03.2013-ലെ മറുപടിക്ക്

ഒഡേപെക്കിന്റെ പ്രവർത്തനങ്ങൾ

884

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, വർക്കല കഹാർ
,, വി. ഡി. സതീശൻ
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒഡേപെക്കിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ എന്തെല്ലാം കർമ്മപദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുളളത്; വിശദമാക്കുമോ;

(ബി) എന്തെല്ലാം പ്രവർത്തനങ്ങളാണ് സംസ്ഥാനത്ത് ഒഡേപെക് നടത്തിവരുന്നത്; വിശദമാക്കുമോ;

(സി) ഐ.റ്റി.ഐ കളിൽ നിന്ന് ഉന്നത വിജയം നേടുന്ന വിദ്യാർത്ഥികൾക്ക് ഒഡേപെക്ക് വഴി വിദേശത്ത് തൊഴിലവസരം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടി എടുത്തിട്ടുണ്ട്; വിശദമാക്കുമോ?

**കേരള നിയമസഭ**
**20.03.2013-ലെ മറുപടിക്ക്**

<u>തോട്ടം തൊഴിലാളികൾക്കുള്ള ഭവനനിർമ്മാണ പദ്ധതി</u>

885 ശ്രീ. വി. ഡി. സതീശൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, വർക്കല കഹാർ
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തോട്ടം തൊഴിലാളികൾക്കുള്ള ഭവന നിർമ്മാണ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ് ; വിശദമാക്കുമോ ;

(സി) ഏതെല്ലാം വിഭാഗം തോട്ടം തൊഴിലാളികളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ; വിശദമാക്കുമോ ;

(ഡി) പദ്ധതി നടപ്പാക്കുന്നതിന് കേന്ദ്ര സഹായം അഭ്യർത്ഥിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ എന്തെല്ലാമാണ്?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>സ്വകാര്യമേഖലയിലെ സെക്യൂരിറ്റി സർവ്വീസ്</u>

886 ശ്രീ. വർക്കല കഹാർ
,, അൻവർ സാദത്ത്
,, എ. റ്റി. ജോർജ്ജ്
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വകാര്യമേഖലയിലെ സെക്യൂരിറ്റി സർവ്വീസ് ആകർഷണീയമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊളളാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ബി) ജീവനക്കാർക്ക് മികച്ച പരിശീലനം നൽകുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ചെയ്യാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) യുവാക്കളെ ഈ മേഖലയിൽ കൂടുതലായി ആകർഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊളളാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 20.03.2013-ലെ മറുപടിക്ക്

<u>സ്വകാര്യ സ്ഥാപനങ്ങളിലെ സെക്യൂരിറ്റി ജീവനക്കാർ</u>

887 ശ്രീ. എ. റ്റി. ജോർജ്
'' ഹൈബി ഈഡൻ
'' പി. എ. മാധവൻ
'' സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ സ്ഥാപനങ്ങളിലെ സെക്യൂരിറ്റി ജീവനക്കാരെ ഏജന്റുമാർ ചൂഷണം ചെയ്യുന്നത് തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ബി) സ്വകാര്യ സ്ഥാപനങ്ങളിൽ പരിശോധനകൾ നടത്തി പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതിനായി ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

## കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>സകാര്യമേഖലയിൽ പ്രൈവറ്റ് ജോബ് പോർട്ടൽ</u>

888 ശ്രീ. ജോസഫ് വാഴക്കൻ
ശ്രീ.റ്റി. എൻ.പ്രതാപൻ
ശ്രീ.കെ. ശിവദാസൻ നായർ
ശ്രീ.പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ മേഖലയിൽ ജോലിയ്ക്കായി പ്രൈവറ്റ് ജോബ് പോർട്ടൽ സജ്ജമാക്കാൻ ഉദ്ദേശിക്കുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(സി) എന്തെല്ലാം സൗകര്യങ്ങളാണ് പ്രസ്തുത സംവിധാനം വഴി ഉദ്യോഗാർത്ഥികൾക്ക് ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ ഓൺലൈൻ രജിസ്ട്രേഷൻ

889 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, ഡൊമനിക് പ്രസന്റേഷൻ
,, സി. പി. മുഹമ്മദ്
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ഉദ്യോഗാർത്ഥികളുടെ വിവരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനും പുതുക്കുന്നതിനും ഉൾപ്പെടെ പൂർണ്ണമായും ഓൺലൈൻ സമ്പ്രദായം ഏർപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(സി) എന്തെല്ലാം സൗകര്യങ്ങളാണ് ഈ സംവിധാനം വഴി ഉദ്യോഗാർത്ഥികൾക്ക് ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
# 20.03.2013-ലെ മറുപടിക്ക്

<u>എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകള്‍</u>
<u>ആധുനികവത്ക്കരിക്കുവാനുള്ള നടപടികള്‍</u>

890

ശ്രീ. എം. ചന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകള്‍ ആധുനികവത്ക്കരിക്കുവാനുള്ള നടപടികള്‍ ആരംഭിച്ചിട്ടുണ്ടോ ;

(ബി) എങ്കില്‍ എത്ര എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളാണ് തുടക്കത്തില്‍ ആധുനികവത്ക്കരിക്കുവാന്‍ നടപടികള്‍ സ്വീകരിച്ചിട്ടുള്ളത് ;

(സി) ആധുനികവത്ക്കരണം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഏതെങ്കിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് നിര്‍ത്തലാക്കുവാന്‍ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) എങ്കില്‍ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>അന്യസംസ്ഥാനത്തൊഴിലാളികളെ സംബന്ധിച്ച് ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് നടത്തിയ പഠനം</u>

891 ശ്രീ. റോഷി അഗസ്റ്റിൻ
ഡോ. എൻ. ജയരാജ്
ശ്രീ. എം. വി. ശ്രേയാംസ് കുമാർ
,, പി. സി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള അന്യസംസ്ഥാനത്തൊഴിലാളികളെ സംബന്ധിച്ച് ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് നടത്തിയ പഠനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ, പ്രസ്തുതപഠനത്തിലെ പ്രധാന ശുപാർശകളും കണ്ടെത്തലുകളും എന്തെല്ലാമാണ്; വ്യക്തമാക്കുമോ;

(സി) ആയതിന്റെ അടിസ്ഥാനത്തിൽ അന്യസംസ്ഥാന ത്തൊഴിലാളികളുടെ ജീവിതസാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ക്രിയാത്മകമായ എന്തെല്ലാം നടപടികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>അന്യസംസ്ഥാന തൊഴിലാളികൾക്കായി നിയമ നിർമ്മാണം</u>

892

ശ്രീ. ബെന്നി ബെഹനാൻ
,, ജോസഫ് വാഴക്കൻ
,, സി. പി. മുഹമ്മദ്
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാന തൊഴിലാളികൾക്കായി നയം രൂപീകരിക്കുവാനും നിയമ നിർമ്മാണം നടത്തുവാനും ആലോചനയുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) നയത്തിന്റേയും നിയമനിർമ്മാണത്തിന്റേയും വിശദാംശങ്ങൾ എന്തൊക്കെയാണ്; വ്യക്തമാക്കുമോ;

(സി) അന്യസംസ്ഥാന തൊഴിലാളികൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നതിനും അവരുടെ ജീവിത സാഹചര്യം മെച്ചപ്പെടുത്തുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത നയത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>അന്യസംസ്ഥാന തൊഴിലാളികള്‍ക്ക് തിരിച്ചറിയല്‍ കാര്‍ഡ്</u>

893 ശ്രീ. പുരുഷന്‍ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) അന്യസംസ്ഥാന തൊഴിലാളികള്‍ക്ക് പ്രത്യേകമായി തിരിച്ചറിയല്‍ കാര്‍ഡ് നല്‍കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കില്‍ ഇതിനുവേണ്ടി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) അന്യസംസ്ഥാന തൊഴിലാളികള്‍ സംസ്ഥാനത്തെ ദരിദ്ര കുടുംബങ്ങളില്‍ വിവാഹബന്ധത്തിലേര്‍പ്പെടുന്നതും പിന്നീട് ഉപേക്ഷിച്ച് പോവുന്നതും ശ്രദ്ധയില്‍പെട്ടിട്ടുണ്ടോ;

(ഇ) അന്യസംസ്ഥാന തൊഴിലാളികള്‍ക്കായി ബയോമെട്രിക് സംവിധാനത്തോടുകൂടിയ തിരിച്ചറിയല്‍ കാര്‍ഡ് നിര്‍ബന്ധമാക്കാമോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>അന്യസംസ്ഥാന തൊഴിലാളികളുടെ കുടിയേറ്റം</u>

894

ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാന തൊഴിലാളികളുടെ കുടിയേറ്റംമൂലം സംസ്ഥാന തൊഴിൽ മേഖല നേരിടുന്ന പ്രശ്നങ്ങൾ പഠനവിധേയമാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) ഇതു മൂലമുണ്ടാകുന്ന സാമ്പത്തിക ചോർച്ച സംബന്ധിച്ചുള്ള കണക്കുകൾ ശേഖരിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ അന്യസംസ്ഥാന തൊഴിലാളികളുടെ കുടിയേറ്റം നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>അന്യസംസ്ഥാന തൊഴിലാളികളെ സംബന്ധിച്ച സ്ഥിതി വിവരകണക്ക്</u>

895 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പണിയെടുക്കുന്ന അന്യഭാഷാ തൊഴിലാളികളുടെ ആകെ എണ്ണം കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ;

(ബി) അന്യസംസ്ഥാന തൊഴിലാളികളുടെ സംസ്ഥാനാടിസ്ഥാനത്തിലുള്ള കണക്ക് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>അന്യസംസ്ഥാന തൊഴിലാളികൾ</u>

896 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എത്ര അന്യസംസ്ഥാനത്തൊഴിലാളികളാണ് കേരളത്തിൽ ജോലി ചെയ്തുവരുന്നതെന്ന കണക്ക് ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) സംസ്ഥാനം തിരിച്ചുള്ള കണക്ക് നൽകുമോ;

(സി) ജില്ലാ അടിസ്ഥാനത്തിലുള്ള കണക്ക് ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ഡി) ഈ തൊഴിലാളികൾക്ക് രജിസ്ട്രേഷനോ ക്ഷേമനിധി ബോർഡോ രൂപീകരിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

ഡോ. ബലരാമൻ കമ്മീഷൻ റിപ്പോർട്ട്

897

ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഡോ. ബലരാമൻ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വകാര്യ ആശുപത്രികളിലെ നേഴ്സുമാരുടെ സേവന-വേതന വ്യവസ്ഥകൾ നിശ്ചയിച്ചു നടപ്പിലാക്കിയിട്ടുണ്ടോ ;

(സി) ഏതെല്ലാം ആശുപത്രികളിലാണ് ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സേവന - വേതന വ്യവസ്ഥകൾ നിശ്ചയിച്ചിട്ടുള്ളത് ;

(ഡി) ഇതു നടപ്പിലാക്കാത്ത ആശുപത്രിക്കാർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഇ) എങ്കിൽ എന്തു നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ?

**കേരള നിയമസഭ**
**20.03.2013-ലെ മറുപടിക്ക്**

<u>കരാര്‍ നടപ്പിലാക്കാത്ത സ്വകാര്യ ആശുപത്രികള്‍ക്കെതിരെ നടപടി</u>

898 ശ്രീ. സി. കൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സ്വകാര്യ ആശുപത്രിയിലെ നഴ്സുമാര്‍ നടത്തിവന്ന സമരത്തെ തുടര്‍ന്ന് സര്‍ക്കാര്‍ ഉണ്ടാക്കിയ കരാറിന്റെ വിശദാംശങ്ങള്‍ ലഭ്യമാക്കുമോ ;

(ബി) കരാര്‍ നടപ്പാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളത് ;

(സി) ഭൂരിഭാഗം ആശുപത്രികളിലും പ്രസ്തുത കരാര്‍ നടപ്പാക്കാന്‍ കൂട്ടാക്കാതിരുന്നതിനെ സംബന്ധിച്ച് ഉയര്‍ന്നുവന്നിട്ടുള്ള ആരോപണം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ഡി) സര്‍ക്കാരുമായുണ്ടാക്കിയ ധാരണ നടപ്പിലാക്കാന്‍ തയ്യാറാകാത്ത ആശുപത്രി അധികൃതര്‍ക്കെതിരെ എന്തു നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

ധനകാര്യസ്ഥാപനങ്ങളിലെ തൊഴിൽ നിയമലംഘനത്തിനെതിരെ നടപടി

899 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മണപ്പുറം ഫൈനാൻസ് ലിമിറ്റഡ്, അനുബന്ധസ്ഥാപനമായ മേബൻ നിധി ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾ കാസർകോട്, കണ്ണൂർ, കോഴിക്കോട് ജില്ലകളിലെ അവരുടെ ബ്രാഞ്ചുകളിൽ തൊഴിൽ നിയമങ്ങൾ ലംഘിച്ചുകൊണ്ട് ജീവനക്കാരെ നിരന്തരം ദ്രോഹിക്കുന്ന നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത നടപടികൾക്കെതിരെ ജീവനക്കാർ കാസർകോട് ജില്ലയിൽ സ്ഥാപനത്തിന് മുമ്പിൽ സത്യഗ്രഹസമരം നടത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഈ സമരം ഒത്തുതീർപ്പാക്കുവാനും ജീവനക്കാരുടെ ന്യായമായ ആവശ്യങ്ങൾ അനുവദിപ്പിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കാമോ ;

(ഡി) ഈ സ്ഥാപനത്തിലെ തൊഴിൽ നിയമലംഘനത്തിനെതിരെ കർശനമായ നിയമ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>കര്‍ഷകത്തൊഴിലാളി പെന്‍ഷന്‍ നല്‍കുന്നതിനുള്ള മാനദണ്ഡം</u>

900 ശ്രീ. എസ്. ശര്‍മ്മ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കര്‍ഷകത്തൊഴിലാളി പെന്‍ഷന്‍ നല്‍കുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) ജീവിതകാലം മുഴുവന്‍ കാര്‍ഷിക ജോലി ചെയ്ത് അംശദായമടച്ച് തൊഴിലാളികള്‍ പെന്‍ഷന് അപേക്ഷിക്കുമ്പോള്‍ കുടുംബ വാര്‍ഷിക വരുമാനം കൂടുതലാണെന്ന കാരണത്താല്‍ പെന്‍ഷന്‍ നിരസിക്കുന്ന വിവരം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; എങ്കില്‍ വിശദമാക്കാമോ ;

(സി) വ്യക്തിഗത വാര്‍ഷിക വരുമാനം കണക്കിലെടുത്തുകൊണ്ട് ക്ഷേമപെന്‍ഷന്‍ ഉറപ്പു വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 20.03.2013-ലെ മറുപടിക്ക്

<u>ബാലവേല</u>

901 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

എ ഈ സർക്കാർ അധികാരമേറ്റ ശേഷം ബാലവേല തടയുന്നതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

ബി പ്രസ്തുത കേസ്സുകളിൽ എത്ര എണ്ണത്തിൽ ശിക്ഷാനടപടികൾ സ്വീകരിച്ചു;

സി ബാലവേല തടയുവാൻ നടപ്പിലാക്കുന്ന നൂതന പരിശോധനകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

ഡി ഇതുമായി ബന്ധപ്പെട്ട കേസ്സുകളിൽ എത്ര അന്യസംസ്ഥാന കുട്ടികൾ ഉൾപ്പെട്ടിട്ടുണ്ട്?

# കേരള നിയമസഭ
# 20.03.2013-ലെ മറുപടിക്ക്

ബാലവേലയ്ക്ക് ഉത്തരവാദികളായവര്‍ക്കെതിരെ നടപടി

902 ശ്രീ. എം. ഉമ്മര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് ചില ഭക്ഷണശാലകളിലും ചെറുകിട ഉല്പാദകയൂണിറ്റുകളിലും ബാലവേല നില നില്‍ക്കുന്ന കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ; എങ്കില്‍ വിശദാംശം നല്‍കുമോ ;

(ബി) ബാലവേല നിര്‍മ്മാര്‍ജ്ജനത്തിനായി സ്വീകരിച്ച നടപടികള്‍ വിശദമാക്കാമോ ;

(സി) ബാലവേല കണ്ടെത്തിയാല്‍ അതിന് ഉത്തരവാദികളായവര്‍ക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കുന്നത് ; വിശദാംശം നല്‍കുമോ ;

(ഡി) ഉപജീവനത്തിനുവേണ്ടി ജോലി ചെയ്യാന്‍ നിര്‍ബന്ധിതരാകുന്ന കുട്ടികളുടെ പുനരധിവാസം ഏതുരീതിയിലാണെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>കേരള കണ്‍സ്ട്രക്ഷന്‍ കമ്പോണന്റ്സ് ലിമിറ്റഡിലെ തൊഴിലാളികളുടെ ആനുകൂല്യങ്ങള്‍ ലഭ്യമാക്കുന്നതിനുള്ള നടപടികള്‍</u>

903 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കേരള കണ്‍സ്ട്രക്ഷന്‍ കമ്പോണന്റ്സ് ലിമിറ്റഡ് പള്ളിപ്പുറം കെ. ആര്‍ പുരം. പി.ഒ., ചേര്‍ത്തല, ആലപ്പുഴ-യിലെ തൊഴിലാളികളുടെ ആനുകൂല്യങ്ങളുമായി ബന്ധപ്പെട്ട് ലേബര്‍ കമ്മീഷണറേറ്റില്‍ നിന്നും ലേബര്‍ സെക്രട്ടറിക്ക് അയച്ച 15-3807/12 -ാം നമ്പര്‍ ഫയലിന്‍ മേല്‍ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ബി) പ്രസ്തുത തൊഴിലാളികളുടെ ആനുകൂല്യങ്ങള്‍ ലഭ്യമാക്കുന്നതിനുള്ള സത്വര നടപടികള്‍ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

വൈഗൈ ത്രഡ്സ് കമ്പനിയിലെ പ്രശ്നങ്ങൾ
പരിഹരിക്കുന്നതിന് നടപടി

904 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ പാട്ടത്തിനു നൽകിയ സ്ഥലത്ത് പ്രവർത്തിക്കുന്ന കൊരട്ടിയിലെ വൈഗൈ ത്രഡ്സ് കമ്പനിയിലെ തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) തൊഴിലാളികളുടെ അനിശ്ചിതകാല നിരാഹാര സമരം അവസാനിപ്പിക്കുന്നതിനും അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>ഉദുമ ഐ. ടി. ഐ.ക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് നടപടി</u>

905 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർകോട് ജില്ലയിൽ സ്ഥിതിചെയ്യുന്ന പുല്ലൂർ ഗവൺമെന്റ് ഐ. ടി. ഐ.ക്ക് പുല്ലൂർ വില്ലേജിൽ സ്ഥലം പതിച്ചു നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ എത്ര ഏക്കർ സ്ഥലമാണ് റവന്യൂ വകുപ്പ് നൽകിയിട്ടുള്ളത് ; വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) മേൽ ഐ. ടി. ഐ.ക്ക് പതിച്ചു കിട്ടിയ സ്ഥലത്ത് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

കാസർകോട് ജില്ലയിലെ വെസ്റ്റ് എളേരി പഞ്ചായത്തിൽ അനുവദിച്ച വനിതാ ഐ. ടി.ഐ.

906 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കാസർകോട് ജില്ലയിലെ വെസ്റ്റ് എളേരി പഞ്ചായത്തിൽ അനുവദിച്ച വനിത ഐ. ടി. ഐക്ക് ന്യൂജനറേഷൻ കോഴ്സുകളും ഇതിനാവശ്യമായ കെട്ടിടസൗകര്യങ്ങളും ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**20.03.2013-ലെ മറുപടിക്ക്**

<u>തണൽ പദ്ധതി</u>

907 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, കെ. ശിവദാസൻ നായർ
,, എം.എ. വാഹീദ്
,, വി.റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിന്റെ നേതൃത്വത്തിൽ തണൽ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ ;

(സി) ഏതെല്ലാം വകുപ്പുകളാണ് ഈ പദ്ധതിയുമായി സഹകരിക്കുന്നത്; വിശദമാക്കുമോ ;

(ഡി) മത്സ്യത്തൊഴിലാളികൾക്ക് പഞ്ഞമാസങ്ങളിൽ വരുമാനം ഉറപ്പാക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>ആരോഗ്യ ഇൻഷ്വറൻസ് (ചിസ്)</u>

908 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് മെഡിക്കൽ കോളേജുകളിലെ രോഗികളുടെ ചികിത്സയുമായി ബന്ധപ്പെട്ട് ആരോഗ്യ ഇൻഷ്വറൻസ് (ചിസ്) മുഖേന ഒരോ ഗവൺമെന്റ് മെഡിക്കൽ കോളേജിനും എത്ര തുക വീതം ലഭിച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ;

(ബി) ആരോഗ്യ ഇൻഷ്വറൻസിൽ നിന്നും ലഭിക്കുന്ന ഈ തുക എന്തെല്ലാം ആവശ്യങ്ങൾക്കു വിനിയോഗിക്കാമെന്നു നിഷ്കർഷിച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ;

(സി) ഗവൺമെന്റിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്കു വിരുദ്ധമായി പ്രസ്തുത ഫണ്ട് പല മെഡിക്കൽ കോളേജുകളിലും വക മാറ്റി ചെലവഴിക്കുന്ന വിവരം ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ഡി) എങ്കിൽ എന്തു നടപടിയാണാ സ്വീകരിച്ചതെന്നു വ്യക്തമാക്കുമോ;

(ഇ) ഇല്ലെങ്കിൽ പ്രസ്തുത ഫണ്ട് വകമാറ്റി ചെലവഴിച്ചിട്ടുണ്ടോയെന്ന് അന്വേഷണം നടത്തുവാൻ തയ്യാറാകുമോ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി</u>

909 ശ്രീ. സി. പി. മുഹമ്മദ്
'' ജോസഫ് വാഴക്കൻ
'' കെ. മുരളീധരൻ
'' റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(ബി) പദ്ധതിയിൽ ചേരാൻ രജിസ്റ്റർ ചെയ്തവർക്ക് സ്മാർട്ട് കാർഡുകൾ നൽകുന്നതിന് തുടക്കം കുറിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ എന്തെല്ലാമാണ്;

(സി) ഇതുകൊണ്ടുള്ള പ്രയോജനങ്ങൾ എന്തെല്ലാമാണ്;

(ഡി) പദ്ധതിയിലൂടെ ഏതെല്ലാം സൗജന്യ ചികിൽസകളാണ് അംഗങ്ങൾക്ക് ലഭിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

910 ശ്രീ.സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി പ്രകാരം കാർഡ് പുതുക്കുവാൻ ഗുണഭോക്താവിൽ നിന്ന് എത്ര തുകയാണ് ഈടാക്കുന്നതെന്ന് വ്യക്തമാക്കുമോ; ഇതിൽ അക്ഷയ കേന്ദ്രങ്ങളുടെ വിഹിതം എത്രയാണ്;

(ബി) എത്ര ആരോഗ്യ ഇൻഷ്വറൻസ് കാർഡുകളാണ് ഇതുവരെ വിതരണം ചെയ്തിട്ടുള്ളത്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

ഇ.എസ്.ഐ കോർപ്പറേഷൻ

911 ശ്രീ. പി.കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിലവിൽ ഇ.എസ്.ഐ. യിൽ അംഗത്വമുള്ള തൊഴിലാളികൾ എത്രയാണെന്നറിയിക്കുമോ;

(ബി) 2011 മാർച്ചിൽ അവസാനിച്ച സാമ്പത്തിക വർഷം എത്ര അംഗങ്ങളാണുണ്ടായിരുന്നത്;

(സി) ഇ.എസ്.ഐ. കുടുംബങ്ങൾക്ക് വിദഗ്ദ്ധ ചികിൽസ ലഭ്യമാക്കുന്നതിനുവേണ്ടി സൂപ്പർസ്പെഷ്യാലിറ്റിയായി വികസിപ്പിച്ച 55 ആശുപത്രികളിൽ എത്ര ആശുപത്രികളിൽ നിന്നും ഈ സൗജന്യചികിത്സ ലഭ്യമാകുന്നുണ്ട്;

(ഡി) ഇ.എസ്.ഐ കോർപ്പറേഷൻ തീരുമാനിച്ച പ്രകാരം 2008 അവസാനം നിർമ്മാണപ്രവർത്തനം ആരംഭിച്ച ഇ.എസ്.ഐ മെഡിക്കൽ കോളേജിന്റെ നിർമ്മാണം പൂർത്തിയായോ; എങ്കിൽ എന്നു മുതൽ അവിടെ അഡ്മിഷൻ തുടങ്ങും;

(ഇ) ഇ.എസ്.ഐ. യിൽ പുതിയ വിഭാഗങ്ങളെ ഉൾപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം വിഭാഗങ്ങളെ ഉൾപ്പെടുത്തുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 20.03.2013-ലെ മറുപടിക്ക്

ഇ.എസ്.ഐ ആശുപത്രി ആവശ്യത്തിന് ജീവനക്കാരെ നിയമിക്കുവാൻ നടപടി

912 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇ.എസ്.ഐ. ആശുപത്രികളിൽ പലതിലും ആവശ്യത്തിന് ഡോക്ടർമാരോ മറ്റ് ജീവനക്കാരോ മരുന്നുകളോ ഇല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഈ പ്രശ്നം പരിഹരിക്കുവാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ;

(ബി) ചേർത്തല ഇ.എസ്.ഐ. ആശുപത്രിയിലെത്തുന്ന രോഗികളെ വളരെ ചെറിയ രോഗമാണെങ്കിൽ പോലും ജില്ലാ ഇ.എസ്.ഐ. ആശുപത്രികളിലേയ്ക്ക് അയയ്ക്കുന്ന സാഹചര്യമാണ് നിലനിൽക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഈ പോരായ്മ പരിഹരിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

പാരിപ്പള്ളിയിൽ ആരംഭിക്കുന്ന ഇ.എസ്.ഐ. മെഡിക്കൽ കോളേജ്

913 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാരിപ്പള്ളിയിൽ ആരംഭിക്കുന്ന ഇ.എസ്.ഐ. മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവർത്തന പുരോഗതി അറിയിക്കുമോ ;

(ബി) പ്രസ്തുത സ്ഥാപനം എപ്പോൾ പ്രവർത്തനം ആരംഭിക്കുവാൻ കഴിയുമെന്ന് ബന്ധപ്പെട്ടവർ അറിയിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ ;

(സി) മെഡിക്കൽ കോളേജിന്റെ പ്രവർത്തനം, അഡ്മിഷൻ തുടങ്ങിയ കാര്യങ്ങളിൽ മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ?

## കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

അങ്കമാലി ഇ.എസ്.ഐ. ഡിസ്പെൻസറി

914 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി ഇ.എസ്.ഐ ഡിസ്പെൻസറിയിലെ അസൗകര്യങ്ങൾ മൂലം ഇവിടെയെത്തുന്ന രോഗികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് സമർപ്പിച്ച നിവേദനത്തിന്മേൽ (റഫ. നമ്പർ2200/എം(എൽ.& ആർ/ വി.ഐ.പി/ 2012) സ്വീകരിച്ച നടപടി എന്തെന്ന് വിശദമാക്കാമോ ;

(സി) രോഗികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് ഇത് പരിഹരിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ ;

(ഡി) എങ്കിൽ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടി എന്തെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
# 20.03.2013–ലെ മറുപടിക്ക്

കര്‍ഷകത്തൊഴിലാളി ക്ഷേമനിധിബോര്‍ഡ്
കംപ്യൂട്ടര്‍വല്‍ക്കരണം

915 ശ്രീ. പുരുഷന്‍ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കര്‍ഷകത്തൊഴിലാളി ക്ഷേമനിധി ഓഫീസുകള്‍ കംപ്യൂട്ടര്‍വല്‍ക്കരിക്കുന്നതിനും ഈ സംവിധാനം ബന്ധപ്പെട്ട അംഗങ്ങള്‍ക്ക് പ്രയോജനപ്പെടുത്തുന്നതിനുമുള്ള നടപടികള്‍ ആരംഭിച്ചിട്ടുണ്ടോ;

(ബി) എങ്കില്‍ ഇതു സംബന്ധിച്ച് നടത്തിയ പ്രവര്‍ത്തനങ്ങള്‍ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) 2011 ഏപ്രില്‍മാസത്തിനുശേഷം അതിവര്‍ഷ ആനുകൂല്യത്തിന് അര്‍ഹരായ തൊഴിലാളികള്‍ക്ക് അതിവര്‍ഷ ആനുകൂല്യം നല്‍കിയതിന്റെ ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>സ്കൂൾ പാചകത്തൊഴിലാളികൾക്ക് ക്ഷേമനിധി</u>

916 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂൾ പാചകത്തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സമർപ്പിച്ച പരാതികൾ പരിശോധിച്ചിട്ടുണ്ടോ ;

(ബി) പാചകത്തൊഴിലാളികളുടെ അദ്ധ്വാനഭാരം കുറയ്ക്കുന്നതിനും ഇപ്പോൾ ലഭിക്കുന്ന വേതനം വർദ്ധിപ്പിക്കുകയെന്ന ആവശ്യം പരിഗണിക്കുന്നതിനും നടപടി സ്വീകരിക്കുമോ ;

(സി) സ്കൂൾ പാചകത്തൊഴിലാളികൾക്ക് ക്ഷേമനിധി രൂപീകരിച്ച് പെൻഷൻ അടക്കമുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

പത്ര പ്രവർത്തകർക്ക് ക്ഷേമനിധി ബോർഡ്

917 ശ്രീ.ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പത്ര പ്രവർത്തകർക്കായി നാളിതുവരെ ഒരു ക്ഷേമനിധി ബോർഡ് രൂപീകൃതമായിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കഴിഞ്ഞ സർക്കാർ പത്ര പ്രവർത്തകർക്കായി ക്ഷേമനിധി രൂപീകരിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നുവെങ്കിലും ആയതിന്റെ തുടർനടപടികളൊന്നും ഈ സർക്കാർ നടത്തിയിട്ടില്ല, ഇതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) പത്ര പ്രവർത്തന രംഗത്ത് നമ്മുടെ രാജ്യത്തിനുതന്നെ മാതൃകയായ സംസ്ഥാനത്തെ പത്ര പ്രവർത്തകരുടെയും പത്ര ജീവനക്കാരുടെയും വളരെക്കാലത്തെ ആവശ്യമായ ക്ഷേമനിധി ബോർഡ് രൂപീകരിക്കുന്നതിനു തയ്യാറാകുമോ;

(ഡി) എങ്കിൽ എന്നത്തേയ്ക്ക് പത്ര പ്രവർത്തക ക്ഷേമനിധി ബോർഡ് രൂപീകൃതമാകും എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 20.03.2013-ലെ മറുപടിക്ക്

<u>ജസ്റ്റിസ് മജീദിയ വേജ്ബോർഡ് ശുപാർശകൾ നടപ്പിലാക്കാൻ നടപടി</u>

918 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാധ്യമസ്ഥാപനങ്ങളിലെ വേതന പരിഷ്കരണത്തിനുള്ള ജസ്റ്റിസ് മജീദിയ വേജ് ബോർഡ് ശുപാർശകൾ നടപ്പാക്കുന്നത് സംബന്ധിച്ച നിലപാട് വ്യക്തമാക്കുമോ ;

(ബി) കേന്ദ്ര സർക്കാർ അംഗീകരിച്ച വേജ് ബോർഡ് ശുപാർശ സംസ്ഥാനത്ത് നടപ്പാക്കണമെന്ന് കേന്ദ്രം നിർദ്ദേശിച്ചിട്ടുണ്ടോ ;

(സി) ജീവിതചെലവുകൾ ഏറിവരുന്ന സാഹചര്യത്തിൽ പത്ര പ്രവർത്തകർ നേരിടുന്ന വിവിധ ബുദ്ധിമുട്ടുകൾക്ക് പരിഹാരം കാണാൻ പ്രസ്തുത വേജ് ബോർഡ് നിർദ്ദേശത്തിനു കഴിയുമോ ;

(ഡി) പ്രസ്തുത ശുപാർശയുടെ പകർപ്പ് ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>തൊഴിൽ വകുപ്പിൽ പുതിയ തസ്തികകൾ സൃഷ്ടിക്കാൻ നടപടി</u>

919 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ, ഏതെല്ലാം തസ്തികകളാണ് പുതുതായി സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്നതെന്നു വ്യക്തമാക്കുമോ?